**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 892** **06-10-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ വനവിസ്തൃതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ വനം വകുപ്പ് അവകാശ വാദമുന്നയിക്കുന്നതും സ്വകാര്യ വ്യക്തികളുമായി തർക്കത്തിലുള്ളതുമായ എത്ര ഹെക്ടർ സ്വകാര്യ ഭൂമിയാണുള്ളതെന്ന് പ്രദേശങ്ങൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; | (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഒരു സ്വകാര്യ ഭൂമിയിലും വനം വകുപ്പ് അവകാശവാദം ഉന്നയിച്ചിട്ടില്ല. |
| (ബി) | 1977-ന് മുമ്പ് സ്വകാര്യ വ്യക്തികൾ കൈവശം വെച്ച് പോരുന്നതും നികുതി അടയ്ക്കുന്നതുമായ ഭൂമിയിൻമേൽ വനം വകുപ്പ് അവകാശവാദമുന്നയിക്കുന്നതും കൃഷിവിളകൾ നശിപ്പിക്കുന്നതും ജണ്ടകൾ സ്ഥാപിക്കുന്നതും എന്തടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ; നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് ഇത്തരം ഇടപെടലുകൾ വനം വകുപ്പ് നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ; | (ബി) | Kerala Forest ( vesting and Assignment ) Act, 1971 നിലവിൽ വന്നത് 10.05.1971 നാണ്. ഈ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വനഭൂമികൾ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതും, സർവ്വേ ചെയ്തിട്ടുള്ളതും, സർവ്വേക്കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. എന്നാൽ, ജണ്ട നിർമ്മാണം പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. 10.05.1971 നും, 01.01.1977 നും ഇടയിൽ ഇത്തരം ഭൂമികൾക്ക് പട്ടയം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് നിയമസാധുത ഇല്ലാത്തതാണ്. റിസർവ്വ് വനഭൂമിയിൽ 01.01.1977 ന് മുമ്പുണ്ടായ കയ്യേറ്റങ്ങൾ ക്രമീകരിക്കുവാൻ സർക്കാർ തീരുമാനമുണ്ട്. 01.01.1977 ന് മുമ്പുള്ള വനം കയ്യേറ്റങ്ങൾ സംയുക്ത പരിശോധന നടത്തി ക്രമീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിന് 1980 ലെ വനസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ, നിക്ഷിപ്ത വനഭൂമി, പരിസ്ഥിതി ദുർബലപ്രദേശങ്ങൾ എന്നിവയിലുള്ള കയ്യേറ്റങ്ങൾ ഇപ്രകാരം ക്രമീകരിക്കുവാൻ ആകില്ല. |
| (സി) | വനാതിർത്തിയുമായി നേരിട്ട് ബന്ധമില്ലാത്ത സ്ഥലങ്ങളുടെ ക്രയവിക്രയങ്ങൾക്കും രജിസ്ട്രേഷന് പോലും വനം വകുപ്പിന്റെ നിരാക്ഷേപപത്രം വേണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | വനാതിർത്തിയുമായി നേരിട്ട് ബന്ധമില്ലാത്ത സ്ഥലങ്ങളുടെ ക്രയവിക്രയങ്ങൾക്കും രജിസ്ട്രേഷനും വനം വകുപ്പിന്റെ നിരാക്ഷേപപത്രം വേണമെന്ന സർക്കാർ ഉത്തരവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനഭൂമി ഉൾപ്പെടുന്ന സർവ്വേ നമ്പരുകളിൽ വ്യാപിച്ചു കിടക്കുന്ന സ്വകാര്യ കൈവശസ്ഥലങ്ങൾ ഉണ്ട്. ഇത്തരം ഭൂമികൾ പലതും വനാതിർത്തി |

| | | | |
|---|---|---|---|
| | | | പങ്കിടുന്നില്ലെങ്കിൽ പോലും ഇവയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളിൽ രജിസ്ട്രാർമാർ വനം വകുപ്പിന്റെ നിരാക്ഷേപപത്രം ആവശ്യപ്പെട്ടുവരുന്നുണ്ട്. |
| (ഡി) | നിലമ്പൂർ നിയോജകമണ്ഡലത്തിലെ 2000-ലെ വനവിസ്തൃതിയും 2020-ലെ വനവിസ്തൃതിയും എത്രയെന്ന് വ്യക്തമാക്കാമോ; നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് ഇക്കാലയളവിൽ വനവിസ്തൃതി കാര്യമായി വർദ്ധിച്ചിട്ടുള്ളതെന്നും അറിയിക്കാമോ? | (ഡി) | നിയോജകമണ്ഡലാടിസ്ഥാനത്തിൽ 2000, 2020 വർഷങ്ങളിലെ വനവിസ്തൃതി കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ